## കേരള സർക്കാർ

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഉച്ച ഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്കൂൾ കുട്ടികൾക്ക് 2016- ഓണം ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി 5 കിലോ അരി വീതം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(സാധാ) നം. 2789 /2016/പൊ.വി.വ തീയതി, തിരുവനന്തപുരം 29/ 8/2016

---

പരാമർശം: 1. സർക്കാർ ഉത്തരവ് (കൈ) നം. 203/2015/ പൊ.വി.വ തീയതി 30.7.2015

2. 20.8.2016 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. എം. എ 3/ 58243/2016 / DPI നം. കത്ത്.

**ഉത്തരവ്**

പരാമർശം (2) ലെ കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ 2016-17 വർഷത്തിൽ സംസ്ഥാനത്തെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 25,54,365 കുട്ടികൾക്ക് 2016 വർഷത്തെ ഓണാഘോഷത്തോടനുബന്ധിച്ച് മുൻ വർഷത്തേതു പോലെ സൗജന്യമായി 5 Kg അരി വീതം വിതരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇത്തരത്തിൽ വിതരണം നടത്തുന്നതിനാവശ്യമായ അരി വിദ്യാഭ്യാസ വകുപ്പിന്റെ ഉച്ചഭക്ഷണ പദ്ധതിയിൽ നിന്നും നൽകുന്നതിനും മറ്റ് ക്രമീകരണങ്ങൾ സിവിൽ സപ്ളൈസ് വകുപ്പുമായി ബന്ധപ്പെട്ട് നടത്തേണ്ടതും ആവശ്യമായ തുക 2016-17 സാമ്പത്തിക വർഷത്തെ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായുള്ള ബഡ്ജറ്റ് തുകയിൽ നിന്നും വിനിയോഗിക്കാനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോക്കോസ് പണിക്കർ. പി.ഐ,
അഡീഷണൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സിവിൽ സപ്ളൈസ് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ, കൊച്ചി.
എക്സിക്യൂട്ടീവ് ഡയറക്ടർ,IT @ School (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ധനകാര്യ വകുപ്പ്
ഭക്ഷ്യ പൊതു വിതരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് (ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.